## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 220** **17/06/2019-ൽ മറുപടിയ്ക്ക്**

**<u>ഉന്നത വിദ്യാഭ്യാസ-തൊഴിൽ രംഗങ്ങളിൽ പട്ടികഗോത്രവർഗ്ഗക്കാർക്ക് അവസരം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>,, സി. കെ. ശശീന്ദ്രൻ<br>,, കെ.വി.വിജയദാസ്<br>,, ഒ. ആർ. കേളു : | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട ശ്രീധന്യയ്ക്ക് സിവിൽ സർവ്വീസിൽ ഉന്നതവിജയം കൈവരിക്കാനായത് പ്രചോദനമാക്കിക്കൊണ്ട് ഉയർന്ന ശ്രേണിയിലുള്ള തൊഴിലുകളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും പട്ടികഗോത്ര വർഗ്ഗക്കാരെ കൂടുതലായി ആകർഷിക്കുന്നതിന് ആലോചനയുണ്ടോ; | (എ) | ഉണ്ട്, പട്ടികഗോത്ര വർഗ്ഗക്കാരെ ഉയർന്ന ശ്രേണിയിലുള്ള തൊഴിലുകളിലും ഉന്നത വിദ്യാഭ്യാസ രംഗത്തും കൂടുതലായി ആകർഷിക്കുന്നതിന് ഗോത്രബന്ധു പദ്ധതി, ലാപ്പ്ടോപ്പ് വിതരണം, വിദേശ പഠനത്തിനുള്ള ധനസഹായം, മെഡിക്കൽ / എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശന പരീക്ഷാ പരിശീലനം, നൈപുണ്യ വികസന പദ്ധതികൾ, സിവിൽ സർവീസിൽ പ്രവേശനം ലഭിക്കാൻ പ്രത്യേക പരിശീലനം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ബി) | എഞ്ചിനീയറിംഗ് കോഴ്സുകളിലേക്കും വൈദ്യശാസ്ത്ര കോഴ്സുകളിലേക്കും പട്ടിക ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശനം സാധ്യമാക്കുന്നതിന് പ്രത്യേക പരിശീലന പരിപാടി നടത്തി വരുന്നുണ്ടോ; വിശദാംശം അറിയിക്കാമോ; | (ബി) | ഉണ്ട്. +2 സയൻസ്, കണക്ക് വിഷയങ്ങളെടുത്ത് വിജയിച്ച വിദ്യാർത്ഥികളെ +2 കോഴ്സുകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത്, എം.ബി.ബി.എസ് / എഞ്ചിനിയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ഒരു മാസത്തെ ക്രാഷ് കോഴ്സും 10 മാസത്തോളം നീണ്ടു നിൽക്കുന്ന ഒരു വർഷത്തെ റിപ്പീറ്റിംഗ് കോഴ്സ് എന്നിവ നടത്തിവരുന്നു. |
| (സി) | വിവിധ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർ പഠനത്തിൽ പിന്നാക്കം പോകാതിരിക്കാനും ഇടയ്ക്കുവച്ച് പഠനം നിർത്തുന്ന സാഹചര്യം | (സി) | ഉണ്ട്. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ച ശേഷം ചില വിദ്യാർത്ഥികൾ പരീക്ഷ പാസാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എഞ്ചിനിയറിംഗ് പരീക്ഷ |

| | | | |
|---|---|---|---|
| | ഒഴിവാക്കാനും പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ടോ; വിദേശത്തുപോയി പഠിക്കുന്നതിന് സഹായം നൽകി വരുന്നുണ്ടോ; | | പാസാകാത്തതും പഠനം ഇടയ്ക്ക് നിർത്തിയതു മായ വിദ്യാർത്ഥികൾക്ക് ഐ.എച്ച്.ആർ.ഡി. മോഡൽ ഫിനിഷിംഗ് സ്കൂൾ മുഖേന പ്രത്യേക കോച്ചിംഗ് നൽകി പരീക്ഷ എഴുതിക്കുന്നതിന് 89,23,000/- രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സ്ഥിര താമസക്കാരായ പട്ടിക വർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവകലാശാലകളിൽ പോയി പഠനം നടത്തുന്നതിനുള്ള വിദ്യാഭ്യാസ ധനസഹായം നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. പരമാവധി 25 ലക്ഷം രൂപ ഒരു കുട്ടിക്ക് അനുവദിക്കുന്നതാണ്. |
| **(ഡി)** | പട്ടികഗോത്രവർഗ്ഗ യുവാക്കളുടെ നൈപുണ്യശേഷി ഉയർത്തുന്നതിനും യോഗ്യത നേടിയവർക്കെല്ലാം തൊഴിലുറപ്പാക്കുന്നതിനും നടത്തുന്ന പ്രവർത്തനം അറിയിക്കാമോ? | **(ഡി)** | പട്ടികവർഗ്ഗക്കാരുടെ മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പ്രധാനമായും ഊന്നൽ നൽകുന്നത് നൈപുണ്യ വികസനവും പരമ്പരാഗത തൊഴിൽ പ്രോത്സാഹനവുമാണ്. അഭ്യസ്ത വിദ്യരെയും അല്ലാത്തവരെയും പ്രത്യേകം പരിഗണിക്കുന്ന ഒരു നൈപുണ്യ വികസനമാണ് വകുപ്പ് സ്വീകരിച്ച് വരുന്നത്.<br><br>കേരള സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും അധീനതയിലുള്ള നൈപുണ്യ പരിശീലന കേന്ദ്രവുമായി സഹകരിച്ച് ആധുനിക തൊഴിൽ മേഖലകളിൽ ഉണ്ടാകുന്ന ജോലി സാധ്യതകൾ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഉറപ്പാക്കുന്ന പരിശീലന പരിപാടികളാണ് സംഘടിപ്പിച്ച് വരുന്നത്. ഇതിനുപുറമേ കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ് (KASE) എന്ന സ്ഥാപനം അംഗീകരിച്ചിട്ടുള്ള വിവിധ തൊഴിലുകളിൽ വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു.<br><br>2019-ൽ ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താല്പര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. 2019-20 വർഷത്തിൽ എല്ലാ |

| | | | |
|---|---|---|---|
| | | | ജില്ലകളിലും കരിയർ ഗൈഡൻസ് ജോബ് ഫെയർ നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തികരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ഐറ്റി മേഖലയിൽ ഡെസ്ക് ടോപ് ഇഞ്ചിനീയറിംഗ്, ഹാർഡ് വെയർ / സോഫ്റ്റ് വെയർ എന്നിവയിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പ് വരുത്തുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന സ്ഥാപനം തിരുവനന്തപുരത്ത് മണ്ണന്തലയിൽ പ്രവർത്തിച്ച് വരുന്നു.<br><br>കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നൽകേണ്ട പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികളിൽ മതിയായ യോഗ്യതയില്ലാത്തതിനാൽ ചില തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്. ടി തസ്തികകളിലും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി വിവിധ വകുപ്പുകളായ പോലീസ്, എക്സൈസ്, വനം എന്നിവയിൽ പട്ടിക വർഗ്ഗക്കാരായ അഭ്യസ്തവിദ്യരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു. മറ്റു സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത്തരം നിയമനങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നുണ്ട്.<br><br>സർക്കാർ മേഖലയിൽ തൊഴിൽ നേടുന്നതിനായി എല്ലാ ജില്ലാ ഓഫീസുകൾ മുഖേനയും പ്രത്യേക പി.എസ്.സി പരിശീലനങ്ങൾ, ബാങ്ക് പ്രവേശന പരിശീലനങ്ങൾ, റയിൽവെ റിക്രൂട്ട്മെന്റ് ബോർഡ് പരിശീലനങ്ങൾ എന്നിവ നടത്തി വരുന്നു.<br><br>എംപ്ലോയ്മെന്റ് എക്സ്ചെയ്ഞ്ചുകളിൽ തൊഴിൽ രഹിതരായവരെ രജിസ്റ്റർ ചെയ്യുന്നതിന് സഹായിക്കുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ് തൊഴിൽ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു. |

സെക്ഷൻ ഓഫീസർ